പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2386 **27-10-2026-ൽ മറുപടിയ്ക്ക്**

വൈദ്യുതി ബോർഡിനെ ലാഭത്തിലാക്കാൻ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) വൈദ്യുതി ബോർഡിനെ ലാഭത്തിലാക്കാൻ നടപ്പിലാക്കിയ പ്രവർത്തനത്തിന്റെ ഫലമായി 2021-22, 2022-23, 2023-24, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ എത്ര തുകയുടെ ലാഭം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

മറുപടി: ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം 2021 – 22 മുതൽ 2025 – 26 വരെ കെ.എസ്.ഇ.ബി.എൽ-ന്റെ പ്രവർത്തന ലാഭം/(നഷ്ടം) ചുവടെ ചേർത്തിരിക്കുന്നു.

വർഷം	തുക	ലാഭം/നഷ്ടം
2021-22	736.27	ലാഭം
2022-23	(1023.62)	നഷ്ടം
2023-24	218.51	ലാഭം
2024-25	571.22	ലാഭം
2025-26	(249.39)	നഷ്ടം

2023 – 24 ലെ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം കെ.എസ്.ഇ.ബി.എൽ-ന്റെ ലാഭം 218.51 കോട് രൂപയാണ്. ഈ ലാഭം കാണിച്ചിരിക്കുന്നത് 2022 – 23 ലെ നഷ്ടത്തിന്റെ 75% സർക്കാർ ഏറ്റെടുത്ത വകയിൽ ലഭിച്ച 767.72 കോടി രൂപയും ചേർത്താണ്.ഇതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

2023 – 24 ലെ കണക്ക് പ്രകാരം ലാഭം (A)	+ 218.51 കോടി രൂപ
2022 – 23 നഷ്ടം സർക്കാർ ഏറ്റെടുത്ത വകയിൽ ലഭിച്ച തുക (B)	-767.72 കോടി രൂപ
	-549.21 കോടി രൂപ

അധിക കടമെടുപ്പ് പദ്ധതിയുടെ നിബന്ധനകൾ പ്രകാരം മുൻ വർഷത്തെ നഷ്ടം സർക്കാർ ഏറ്റെടുത്ത വകയിൽ ലഭിച്ച തുക ആ വർഷത്തെ അധിക കടമെടുപ്പിന്റെ ഭാഗമായി ഏറ്റെടുക്കേണ്ടുന്ന നഷ്ടത്തിൽ ഉൾപ്പെടുത്തുവാൻ പാടില്ല. ആയതു പ്രകാരം 2023 – 2024 വർഷത്തിൽ 549.21 കോടി രൂപ (218.51 - 767.72) നഷ്ടത്തിൽ കെ.എസ്.ഇ.ബി.എൽ പ്രവർത്തിച്ചതായി കണക്കാക്കി, ആയതിന്റെ 90 % ആയ 494.29 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായത്. 2024 – 25 ലെ കണക്കിൽ ഈ തുക വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഇല്ലാതാക്കാനായി വൈദ്യുതി മേഖലയിലെ പദ്ധതി നിർവഹണത്തിനായി 2021 മെയ് മുതൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കുമോ;

മറുപടി: പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും ഒഴിവാക്കാനായി മാത്രമല്ല പദ്ധതി ചെലവുകൾ വന്നിട്ടുള്ളത്. 2021 മുതൽ 2026 മാർച്ച് വരെ പദ്ധതിയിനത്തിൽ ചെലവഴിച്ച തുക (വൈദ്യുതി മേഖലയിലെ പദ്ധതി മൂലധന ചെലവ് (Capital Expenditure)) താഴെ ചേർത്തിരിക്കുന്നു.

വർഷം	തുക (കോടിയിൽ)
2021-22	3138.75
2022-23	2940.25
2023-24	3158.61

2024-25	3229.72
2025-26	3643.91

(സി) വൈദ്യുതി മേഖലയിലെ പദ്ധതി നിർവഹണത്തിനായി 2021- മുതൽ 2026 മാർച്ച് വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ